പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2087 — 18. 03. 2015 ൽ മറുപടിക്ക്

## ഊർജ്ജ ഓഡിറ്റിംഗ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. എ. ഖാദർ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) | |
| (എ) | ഊർജ്ജസംരക്ഷണ നിയമം നിഷ്കർഷിച്ചിട്ടുള്ള പ്രകാരമുള്ള വൻകിട ഉപഭോക്താക്കളുടെ ഊർജ്ജ ഓഡിറ്റിംഗ് സംസ്ഥാനത്ത് നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഊർജ്ജസംരക്ഷണ നിയമം 2001 പ്രകാരം കേരളത്തിലെ 9 ഊർജ്ജ ഉപഭോക്താക്കളെ ഡെസിഗ്നേറ്റഡ് കൺസ്യൂമറായി നോട്ടിഫൈ ചെയ്തിട്ടുണ്ട്. ഈ ഉപഭോക്താക്കൾ താഴെ പറയുന്നവയാണ്.<br>1. ബ്രഹ്മപുരം ഡീസൽ പവർ പ്ലാന്റ്<br>2. കോഴിക്കോട് ഡീസൽ പവർ പ്രോജക്ട്<br>3. BSES പവർ ലിമിറ്റഡ്<br>4. കാസർകോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡ്<br>5. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്.<br>6. രാജീവ് ഗാന്ധി കംപയൻഡ് സൈക്കിൾ പവർ പ്ലാന്റ് (NIPC കായംകുളം)<br>7. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, കോട്ടയം<br>8. FACT (അമോണിയ) ഉദ്യോഗമണ്ഡൽ<br>9. മലബാർ സിമന്റ് ലിമിറ്റഡ്, പാലക്കാട്.<br>പ്രസ്തുത നിയമം അനുശാസിക്കുന്ന പ്രകാരമുള്ള എനർജി ഓഡിറ്റിംഗ് നടത്തുന്നതിനുവേണ്ടി കേന്ദ്രസർക്കാർ 2014 ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം ഉത്തരവ് തീയതി മുതൽ 14 മാസത്തിനകം ആദ്യ ഊർജ്ജഓഡിറ്റിംഗ് നടത്തേണ്ടതാണ്. |
| (ബി) | എങ്കിൽ പ്രസ്തുത ഓഡിറ്റിംഗിന് ചുമതലപ്പെട്ടവർ ആരൊക്കെയാണെന്നറിയിക്കാമോ; | (ബി) & (സി) | മേൽപ്പറഞ്ഞ 9 ഊർജ്ജ ഉപഭോക്താക്കളെ ഊർജ്ജഓഡിറ്റിങ്ങ് നടത്തുന്നതിന് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന് കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി എന്ന സ്ഥാപനം 157 Accredited Energy Auditers-നെ എംപാനൽ ചെയ്തിട്ടുണ്ട്.<br>കേരളത്തിലെ വ്യവസായങ്ങളിലും മറ്റും ഊർജ്ജകാര്യക്ഷമത കൈവരിക്കുക എന്ന ലക്ഷ്യത്തോടുകൂടി 2011 ൽ ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കൾക്ക് ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. ഊർജ്ജ ഓഡിറ്റ് പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനായി ഊർജ്ജ |
| (സി) | കെ.എസ്.ഇ.ബി.ലി. നെ പ്രസ്തുത ഓഡിറ്റിംഗിന് ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണ് അതിനുള്ള അനുമതി ലഭിച്ചതെന്നറിയിക്കാമോ; | | |

| | | | |
|---|---|---|---|
| | | | ഓഡിറ്റ് നടത്തുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും ഇ.എം.സി എംപാനൽ ചെയ്ത് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി വരുന്നുണ്ട്. ഇത്തരത്തിൽ കെ.എസ്.ഇ.ബി എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ ടീമിനെ 05.11.14 മുതൽ 04.11.17 വരെ ഊർജ്ജ ഓഡിറ്റ് നടത്തുന്നതിന് ഇ.എം.സി എംപാനൽ ചെയ്തിട്ടുണ്ട്.<br><br>ഊർജ്ജസംരക്ഷണ നിയമപ്രകാരം ഡെസിഗ്നേറ്റഡ് കൺസ്യൂമേഴ്സായിട്ടുള്ള വ്യവസായങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തുന്നത് ബി.ഇ.ഇ. അക്രഡിറ്റഡ് ഓഡിറ്റേഴ്സ് ആണ്. |
| (ഡി) | പ്രസ്തുത നിയമം അനുശാസിക്കുന്ന പ്രകാരമുള്ള ഊർജ്ജ ഓഡിറ്റിംഗ് കർശനമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കുമോ? | (ഡി) | ഊർജ്ജ ഓഡിറ്റിംഗ് കർശ്ശനമായി നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നത് കേരളത്തിൽ ഊർജ്ജ വകുപ്പിന് കീഴിലുള്ള എനർജി മാനേജ്മെന്റ് സെന്റർ എന്ന സ്ഥാപനവും, കേന്ദ്രത്തിൽ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി എന്ന സ്ഥാപനവുമാണ്. മേൽ സ്ഥാപനങ്ങൾ പ്രസ്തുത നിയമം അനുശാസിക്കുന്ന പ്രകാരമുള്ള ഊർജ്ജ ഓഡിറ്റിംഗ് നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ